(ഡി) ഉണ്ട്. ഓഫീസ് മോടിപിടിപ്പിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനുമായി ഫണ്ട് ദുർവിനിയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധന ദുർവിനിയോഗം, അനധികൃതമായി ഉദ്യോഗസ്ഥർ ജോലിക്ക് ഹാജരാകാത്തത്, ഓഫീസ് കാര്യങ്ങൾ നടത്തുന്നതിലെ അനാസ്ഥ, വാഹനദുർവിനിയോഗം, ആശുപത്രി വികസന സമിതിയുടെ ഫണ്ടിന്റെ ദുരുപയോഗം, ഓഫീസ് രേഖകളിൽ കൃത്രിമം കാണിക്കൽ, മരുന്നിന്റെ സ്റ്റോക്കിലെ കുറവ് എന്നീ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ക്രമക്കേടുകളെ തുടർന്ന് താഴെ പറയുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ട്:

ക്രമക്കേട് കണ്ടെത്തിയ ഓഫീസ്

1. താലൂക്ക് ആശുപത്രി, നെയ്യാറ്റിൻകര.
2. പ്രാഥമിക ആരോഗ്യ കേന്ദ്രം, അരിക്കുളം.
3. ജില്ലാ മെഡിക്കൽ ഓഫീസ്, എറണാകുളം.
4. ആശുപത്രി വികസന സമിതി മെഡിക്കൽ കോളേജ്, കോഴിക്കോട്.
5. റിപ്രൊഡക്ടീവ് ചൈൽഡ് ഹെൽത്ത് സെന്റർ, കോഴിക്കോട്.
6. ജില്ലാ മെഡിക്കൽ ഓഫീസ്, കൊല്ലം.
7. ജനറൽ ആശുപത്രി, എറണാകുളം.
8. ജില്ലാ മെഡിക്കൽ ഓഫീസ്, കോഴിക്കോട്.
9. താലൂക്ക് ആശുപത്രി, സുൽത്താൻബത്തേരി.
10. ഗവ. ആയുർവേദ കോളേജ്, പരിയാരം.

ശുപാർശ ചെയ്ത നടപടി

1. ലേ സെക്രട്ടറിയെ സസ്പെന്റ് ചെയ്യുന്നതിന്.
2. മെഡിക്കൽ ഓഫീസറെ സസ്പെന്റ് ചെയ്യുന്നതിന്.
3. ജില്ലാ മീഡിയാ ഓഫീസറെ സസ്പെന്റ് ചെയ്യുന്നതിന്.
4. ഒരു താല്ക്കാലിക ജീവനക്കാരനെ പിരിച്ചുവിടുന്നതിന്.
5. ഓഫീസ് മേധാവികൾക്കെതിരെ അച്ചടക്ക നടപടി.
6. ഡി. എം. ഒ.-യ്ക്കെതിരെ അച്ചടക്ക നടപടി.
7. ലോവർ ഡിവിഷൻ ക്ലർക്കിനും ഡി. എം. ഒ. (ഡി. എൽ. എഫ്. സി.)-യ്ക്കും എതിരെ നടപടി.
8. വാഹന ദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥരിൽ നിന്നും പണം ഈടാക്കുകയും അച്ചടക്ക നടപടിയും.
9. സൂപ്രണ്ട്, ഫാർമസിസ്റ്റ്, ക്ലർക്കുമാർ എന്നിവരെ സസ്പെന്റ് ചെയ്യുന്നതിന്.
10. ഫാർമസിസ്റ്റിന്റെ പക്കൽ നിന്നും പണം തിരികെ പിടിക്കുന്നതിന്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സ്തംഭനം

13 [1020] പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ചെലവിനുള്ള പണം മാസം പ്രതി ധനകാര്യ വകുപ്പിൽ നിന്ന് അനുവദിക്കാത്തതുമൂലം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകളുടെ പ്രവർത്തനം സ്തംഭിച്ചിട്ടുണ്ടോ;

(ബി) 2003-2004 വർഷം ഏപ്രിൽ മുതൽ ഡിസംബർ വരെ ഓരോ മാസവും പ്രസ്തുത വകുപ്പിന്റെ ചെലവിന് അനുവദിച്ച തുകയും അനുവദിച്ച തീയതിയും വെളിപ്പെടുത്താമോ;

(സി) സമൂഹത്തിൽ ഏറ്റവും പാവപ്പെട്ടവരുടെ ക്ഷേമ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ ഈ വകുപ്പുകളെ ട്രഷറി നിയന്ത്രണങ്ങളിൽ നിന്ന് സ്ഥിരമായി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതിയും വിഭവ ലഭ്യതയും പരിഗണിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും മാസം പ്രതി ചെലവ് പരിധി അനുവദിച്ച് നൽകുന്നതിനാൽ ടി വകുപ്പുകളുടെ പ്രവർത്തനം സ്തംഭിച്ചതായി വിവരമില്ല.

(ബി) വിശദമായ വിവരങ്ങൾ അനുബന്ധ സ്റ്റേറ്റുമെന്റിൽ കണ്ടാലും.†

(സി) സർക്കാർ വകുപ്പുകൾക്ക് പ്രതിമാസ ചെലവ് പരിധി അനുവദിക്കുക എന്ന പൊതു സമ്പ്രദായത്തിൽ നിന്ന് ഒരു പ്രത്യേക വകുപ്പിനെ/വകുപ്പുകളെ സ്ഥിരമായി ഒഴിവാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളെ ട്രഷറി നിയന്ത്രണങ്ങളിൽ നിന്ന് സ്ഥിരമായി ഒഴിവാക്കുവാൻ നിർവ്വാഹമില്ല. ട്രഷറി നിയന്ത്രണത്തിന് എല്ലാ മാസവും ഇളവനുവദിക്കാറുണ്ട്.

ജീവനക്കാരുടെ ശമ്പള പരിഷ്കരണവും ഡി. എ. വർദ്ധനവും

14 [1021] ശ്രീ. ടി. എൻ. പ്രതാപൻ:
„ എം. മുരളി:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് ഡി. എ.-യുടെ ഒരു ഭാഗം ശമ്പളത്തിൽ ലയിപ്പിക്കുന്നതു സംബന്ധിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നപക്ഷം സംസ്ഥാനത്തിലും അത്തരം നടപടി സ്വീകരിക്കുന്നതിനായി കേന്ദ്രത്തിന്റെ സഹായം തേടുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

† അനുബന്ധം 3

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[30-1-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 13 (1020) ന്റെ ഉത്തരം ദയവായി കാണുക.]

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് 2003 ഏപ്രിൽ മുതൽ ഡിസംബർ വരെ അനുവദിച്ച പ്രതിമാസ ചെലവ് പരിധി

മാസം	അനുവദിച്ച തീയതി	പട്ടികജാതി വകുപ്പ്			പട്ടികവർഗ്ഗ വകുപ്പ്		
		പദ്ധതി	പദ്ധതി യേതരം	ആകെ	പദ്ധതി	പദ്ധതി യേതരം	ആകെ
ഏപ്രിൽ	..	..	..	..	..	..	..
മെയ്	23/5	752.50	500.00	1252.50	300.00	200.00	500.00
ജൂൺ	27/6	3010.00	1054.00	4064.00	..	250.00	250.00
ജൂലായ്	15/7	2000.00	1000.00	3000.00	350.00	600.00	950.00
ആഗസ്റ്റ്	21/8	1250.00	500.00	1750.00	155.00	140.00	295.00
സെപ്റ്റംബർ	22/9	1255.00	750.00	2005.00	155.00	140.00	295.00
ഒക്ടോബർ	17/10	25.00	7.50	32.50	350.00	200.00	550.00
നവംബർ	10/11	..	601.20	601.20	..	120.00	120.00
ഡിസംബർ	29/12	300.00	452.25	752.25	..	300.00	300.00
ആകെ		8592.50	4864.95	13457.45	1310.00	1950.00	3260.00